"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ വാർഡ് 3-ൽ ഉൾപ്പെട്ട കോളേക്കരതോടിന്റെ അറ്റകുറ്റപ്പണിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് മിന്നൽപരിശോധന- റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സി.വി. ചന്ദ്രനെതിരെ (PEN-691159) സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1746/2025/LSGD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.08.2019-ലെ E17-(SC13/2019/KNR)30198/18 നമ്പർ കത്ത്
2. വിജിലൻസ്(ഡി)വകുപ്പിന്റെ 05.12.2019-ലെ VIG-D1/610/2019-VIG നമ്പർ കത്ത്.
3. 02.03.2020-ലെ EW2/114/2019-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക.
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സി.വി. ചന്ദ്രൻ സമർപ്പിച്ച പ്രതിവാദപത്രിക
5. ചീഫ്എഞ്ചിനീയറുടെ 08.10.2020, 06.05.2022 തീയതികളിലെ ഇ20/4638/2020/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.
6. 01.09.2022-ലെ EW2/114/2019-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സി.വി. ചന്ദ്രൻ സമർപ്പിച്ച 24.11.2022-ലെ പ്രതിവാദ പത്രിക
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.12.2023-ലെ LSGD/PD/15406/2023-VIGE3 നമ്പർ കത്ത്.
9. സ.ഉ.(സാധാ)നം.374/2024/LSGD തീയതി 15.02.2024
10. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലത്തിൽ നിന്നുള്ള 07.06.2024-ലെ

A1/59/2024 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

11 കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 12.05.2025-ലെ A1-3/13/2025-KPSC നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർജില്ലയിലെ പയ്യന്നൂർമുനിസിപാലിറ്റിയിൽ വാർഡ് 3-ൽ ഉൾപ്പെട്ട കോളേക്കരതോടിന്റെ അറ്റകുറ്റപ്പണിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ്&ആന്റികറപ്ഷൻ ബ്യൂറോ പയ്യന്നൂർ മുനിസിപാലിറ്റിയിൽ മിന്നൽ പരിശോധന നടത്തുകയും പരാമർശം (1), (2) പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. മിന്നൽ പരിശോധനയിൽ വിജിലൻസ് ഇപ്രകാരം ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി:-

i. സാങ്കേതിക അനുമതി നൽകിയ സമയത്ത് അണക്കെട്ടിൽ സ്ഥാപിക്കേണ്ട പലകകൾ ഏത് മരമായിരിക്കണം എന്ന് എസ്റ്റിമേറ്റിൽ പ്രത്യേകമായി പറഞ്ഞിട്ടില്ല.
ii. കരാർ ഉടമ്പടിയോടൊന്നിച്ച് ഫയലിൽ കാണേണ്ടുന്ന എഗ്രിമെന്റ് ഷെഡ്യൂൾ ഫയലിൽ കാണുന്നില്ല.
iii. ഇപ്പോൾ ഉപയോഗിച്ചിട്ടുള്ള പലകകൾ പലതും വളവുതിരിവ് ഉള്ളതാണ്.
iv. പ്രവൃത്തി നടപ്പിലാക്കുമ്പോൾ കോളേക്കര അണക്കെട്ട് എന്നാണ് ഫയലുകളിൽ കാണുന്നത്; എങ്കിലും പ്രവൃത്തി നടപ്പിലാക്കിയത് കൊളവയൽ പ്രദേശത്താണ്.
v. പരിശോധനയിൽ ടി വർക്കിന്റെ പലകയായി ഉപയോഗിച്ചത് പുളിമരമാണ് എന്ന് വെളിവായിട്ടുണ്ടെങ്കിലും ആയതിന്റെ എം.ബുക്കിൽ ബിൽ ഭാഗം രേഖപ്പെടുത്തിയ ഭാഗത്ത് 'Vengai' മരം എന്ന് രേഖപ്പെടുത്തിയതായി കാണുന്നു.
vi. എസ്റ്റിമേറ്റിൽ ടി വർക്കിന് ഏത് മരം ഉപയോഗിക്കണമെന്ന് വ്യക്തമായി രേഖപ്പെടുത്താത്തതിന്റെ മറവിൽ പുളിമരം പോലുള്ള ഗുണനിലവാരം കുറഞ്ഞ മരം ഉപയോഗിച്ചതിനാൽ വെള്ളം പൂർണ്ണമായി തടഞ്ഞുവെക്കാൻ സാധിക്കാത്ത നിലയിൽ കാണുന്നു.

2. എഗ്രിമെന്റ് ഷെഡ്യൂൾ മിസ്സിങ്ങ് ആയതിലും കൊളവയൽ പദ്ധതി എന്നത് കോളേക്കര എന്ന് ഫയലിൽ രേഖപ്പെടുത്തി ആക്ഷേപത്തിന് ഇടയാക്കിയതിലും എസ്റ്റിമേറ്റിൽ ഏത് മരം ഉപയോഗിക്കണമെന്ന് പ്രത്യേകം പരാമർശിക്കാത്തതിന്റെ മറവിൽ ക്വാളിറ്റി കുറഞ്ഞ പുളിമരത്തിന്റെ പലക ഉപയോഗിച്ച് പ്രസ്തുത വർക്ക് നടത്തിയിട്ടുള്ളതിനാലും 'എം.ബുക്കിൽ' വെങ്ങായി മരമെന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലും പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. സി.വി. ചന്ദ്രനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ശിപാർശ വിജിലൻസ് വകുപ്പ് അംഗീകരിച്ചു.

3. തുടർന്ന്, കുറ്റാരോപിതനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സി.വി. ചന്ദ്രനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15-ന്റെ അടിസ്ഥാനത്തിൽ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിച്ച്

പരാമർശം (3) പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയുണ്ടായി. പരാമർശം (4)-ലെ പ്രതിവാദപത്രിക, അഭിപ്രായക്കുറിപ്പ് സഹിതം ചീഫ് എഞ്ചിനീയർ പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. കുറ്റാരോപിതനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സി.വി. ചന്ദ്രൻ (PEN-691159) 31.05.2020-ൽ സേവനത്തിൽ നിന്ന് വിരമിച്ചുവെന്നും ടിയാൾക്കെതിരെ മറ്റ് അച്ചടക്കനടപടികൾ നിലവിലില്ലെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**4.** റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സി.വി. ചന്ദ്രന്റെ പ്രതിവാദപത്രികയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു:-

i. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന് അടങ്കൽ സമർപ്പിക്കുന്ന സമയത്ത് അണക്കെട്ടിന്റെ പലകയുടെ തരം "പിൻകോഡ" എന്ന് പ്രതിപാദിച്ചിട്ടുള്ളതാണ്. ആയതിന് അനുസൃതമായി ഒരു $m^{3}$-ന് 92,332.84/- രൂപ നൽകുകയും ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പരിശോധനയിൽ ഒരു m3-ന് 92,138.42/- രൂപ ആയി നിജപ്പെടുത്തി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ii. എഗ്രിമെന്റ് തയ്യാറാക്കുമ്പോഴും ഒപ്പ് വെക്കുമ്പോഴും എഗ്രിമെന്റ് ഷെഡ്യൂൾ കൂടി തയ്യാറാക്കി ചേർക്കാറുണ്ടെങ്കിലും പരിശോധന സമയത്ത് മേൽ ഷെഡ്യൂൾ സ്ഥാനമാറ്റം സംഭവിച്ചതിനാലാണ് (Misplaced) ഹാജരാക്കാൻ സാധിക്കാതിരുന്നത്. എന്നാൽ ആയത് ഇപ്പോൾ ലഭ്യമാക്കുകയും ഫയലിനോട് ചേർക്കുകയും ചെയ്തിട്ടുണ്ട്.

iii. മേൽ അണക്കെട്ടിനാവശ്യമായ പലക രണ്ട് കാലവർഷം വെള്ളത്തിനടിയിൽ ഉപയോഗിക്കുകയും വെള്ളം തടഞ്ഞ് നിർത്തുന്ന സമയപരിധിക്കുശേഷം ആയത് ഡ്രൈ ആയി സൂക്ഷിക്കുകയും ചെയ്യുമ്പോൾ സ്വാഭാവികമായും വെള്ളത്തിന്റെ ഫോഴ്സിന്റെ ഫലമായി പലകകൾക്ക് നേരിട്ട് സമ്മർദ്ദം ഉണ്ടാകുകയും ആയത വിത്ഡ്രോ ചെയ്യുമ്പോൾ ഡ്രൈ ക്യൂറിംഗിൽ സംഭവിക്കുന്നതാണ്.

iv. പ്രൊജക്ട് തയ്യാറാക്കുമ്പോൾ വിഭാവനം ചെയ്ത കൊളേക്കര തോടിന്റെ അണക്കെട്ടിന്റെ അറ്റകുറ്റപ്രവൃത്തി കൊളേക്കര എന്ന സ്ഥലത്തു തന്നെയാണ് പൂർത്തികരിച്ചിട്ടുള്ളത്.

v. മേൽ പ്രവൃത്തിയുടെ പലക എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതും, ആയത് സാങ്കേതികാനുമതി ലഭ്യമായതും, പിൻകോഡ മരത്തിന് അനുസൃതമായ നിരക്കിലാണെങ്കിലും അന്നത്തെ സാഹചര്യത്തിൽ പിൻകോഡ് ലഭ്യമല്ലാത്തതിനാൽ ആയതിന്റെ നിരക്കിനും വെള്ളത്തിനടിയിൽ ഈടുനിൽക്കുന്നതുമായ മരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി താരതമ്യേന വെള്ളക്കെട്ടിൽ ബലക്ഷയമില്ലാതെ പ്രവർത്തിക്കുകയും ആയത് അഴിച്ചു മാറ്റി (ഡ്രൈ പൊസിഷൻ) അധികം വ്യതിയാനം സംഭവിക്കാത്തതുമായ മരമായ പുളി നിർദ്ദേശിക്കുകയും ആയത് ഉപയോഗിക്കുകയും ചെയ്തിട്ടുള്ളതെന്നും നിലവിൽ മേൽ പലകകൾക്ക് ബലക്ഷയമോ, മറ്റ് കേടുപാടുകളോ സംഭവിച്ചിട്ടില്ലാത്തതും എസ്റ്റിമേറ്റ് പ്രകാരം മാർക്കറ്റ് നിരക്കിൽ വ്യത്യാസമില്ലാത്തതുമാണെന്നും M-Bookൽ wooden planks എന്ന് മാത്രമാണ് താൻ രേഖപ്പെടുത്തിയിട്ടുള്ളതെന്നും Bill Abstract തയ്യാറാക്കുമ്പോൾ എസ്റ്റിമേറ്റിൽ പരിശോധന സമയത്ത് വേങ്ങ് നിർദ്ദേശിക്കുകയും ആയത് പിന്നിട് മാറ്റം വരുത്തി

പിൻകോഡ തന്നെ സ്ഥിരികരിച്ച് നിരക്ക് പിൻകോഡ്യ്ക്ക് അനുസൃതമായി നിജപ്പെടുത്തിയതുമായതിനാൽ ഉണ്ടായ ആശയക്കുഴപ്പം മൂലമാണ് വേങ്ങ Abstractൽ രേഖപ്പെടുത്തിയതെന്നും, എന്നാൽ ബിൽ തുക നൽകുമ്പോൾ പിൻകോഡയ്ക്ക് അനുസൃതമായ നിരക്ക് മാത്രമാണ് തയ്യാറാക്കി നൽകിയിട്ടുള്ളതെന്നും ബോധിപ്പിക്കുന്നു.

5. ചീഫ് എൻജിനീയർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് റിക്കോർഡ് ചെയ്യുമ്പോൾ ഏത് മരമാണെന്ന് സൂചിപ്പിച്ചിട്ടില്ലെന്നും "Wooden planks" എന്നുമാത്രമേ സ്പെസിഫിക്കേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ vengai wood എന്ന് സ്പെസിഫിക്കേഷനിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അമിതമായ ജോലിഭാരം കാരണമുള്ള സൂക്ഷ്മതക്കുറവ് മൂലമായിരിക്കാം ഇങ്ങനെ ഒരു തെറ്റ് സംഭവിച്ചതെന്നും ബിൽ തയ്യാറാക്കുമ്പോൾ വേണ്ടത്ര ജാഗ്രത കാണിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സാധിച്ചില്ല എന്നും പരാമർശിച്ചിട്ടുണ്ട്. പിൻകോഡ മരത്തിന് പകരം പുളിമരം ഉപയോഗിച്ചത് മരം ലഭ്യമല്ലാത്തതു കൊണ്ടാവാമെന്നും വേങ്ങമരം എന്ന് തെറ്റായി ബില്ലിൽ രേഖപ്പെടുത്തിയത് ആശയക്കുഴപ്പം മൂലമാണെന്ന ടിയാന്റെ വാദം അംഗീകരിയ്ക്കാവുന്നതാണെന്നും പിൻകോഡ മരത്തിന് പകരം പുളിമരം ഉപയോഗിച്ചതിലൂടെ രണ്ട് മരത്തിന്റെയും അന്നത്തെ മാർക്കറ്റ് റേറ്റ് താരതമ്യം ചെയ്യുമ്പോൾ 1,03,011/- രൂപ അധികമായി അനുവദിച്ചിട്ടുള്ളതായും ആയതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത സംഭവിച്ചിട്ടുള്ളതായും ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

6. സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുള്ളതിനാൽ വിരമിച്ച അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ കേരള സർവീസസ് ചട്ടങ്ങളിലെ ഭാഗം III ചട്ടം 3(a) പ്രകാരം നടപടി തുടരുന്നതിനുള്ള താത്കാലിക തീരുമാനം കൈക്കൊണ്ട് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 3,000/- രൂപ വീതം മൂന്ന് വർഷത്തേക്ക് കുറവ് വരുത്താതിരിയ്ക്കുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് പരാമർശം (6) പ്രകാരം നൽകുകയുണ്ടായി.

7. റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സി.വി.ചന്ദ്രൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന ലഭ്യമാക്കിയ പരാമർശം (7) പ്രകാരമുള്ള പ്രതിവാദപത്രികയിൽ മുൻപ് ബോധിപ്പിച്ച കാര്യങ്ങൾ തന്നെയാണ് ആവർത്തിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയിൽ 1,03,011/- രൂപ അധികമായി നൽകിയതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ഇപ്രകാരം സാമ്പത്തിക നഷ്ടം ഉണ്ടായതിനാൽ ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 3,000/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസിലെ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്താവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

8. തുടർന്ന് നടന്ന ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

i. ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് ഷെഡ്യൂൾ ഫയലിലുള്ളതായി

ബോധ്യപ്പെട്ടിട്ടുണ്ട്.

ii. കൊളവയൽ എന്നും കൊളേക്കര എന്നുമുള്ള രണ്ട് പേരുകളും ഒരു സ്ഥലമാണെന്നും അന്നത്തെ കൗൺസിലർ ഉൾപ്പെടെയുള്ള മോണിറ്ററിംഗ് കമ്മിറ്റി നിശ്ചയിച്ച സ്ഥലത്ത് പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള കുറ്റാരോപിതന്റെ വാദം സാധൂകരിച്ചുകൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രിൻസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ പ്രദേശവാസികളോട് സംസാരിച്ചതിൽ നിന്നും ഫയലിൽ പേര് മാറിയെങ്കിലും പ്രവൃത്തി നടത്തിയത് പ്രവൃത്തി വിഭാവനം ചെയ്ത പ്രദേശത്തുതന്നെയാണെന്ന് ബോധ്യപ്പെടുന്നു; ആയതിനാൽ ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണ്.

iii. പ്രവൃത്തിക്ക് പിനാക്കോഡ മരത്തിന് പകരം പ്രാദേശീകമായി ലഭ്യമായ പുളിമരമാണ് ഉപയോഗിച്ചിട്ടുള്ളത് എന്നത് അന്വേഷണത്തിൽ ബോധ്യപ്പെടുന്നു.

9. നടപടിക്രമങ്ങളുടെ ഭാഗമായി അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി കുറ്റാരോപിതനെ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിങ് ഓഫീസറുടെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

2015-16 സാമ്പത്തിക വർഷത്തിൽ മൂന്ന് ലക്ഷം രൂപ അടങ്കൽ ആയി വിഭാവനം ചെയ്ത ഒരു പദ്ധതിയാണിത്. എഗ്രിമെന്റ് ഷെഡ്യൂളിൽ പിൻകോഡ മരം എന്നാണ് ചേർത്തിട്ടുള്ളതെങ്കിലും സ്പെസിഫിക്കേഷനിൽ "Wooden planks" എന്നെഴുതിയത് ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട് എന്നത് വസ്തുതയാണ്. "പിൻകോഡ" മരത്തിന്റെ പലകകൾ ഉപയോഗിച്ച് പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടിയാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും പ്രസ്തുത മരം മാർക്കറ്റിൽ ലഭ്യമല്ലാതിരുന്നു എന്നത് യാഥാർത്ഥ്യമാണ്. മാത്രമല്ല, പ്രസ്തുത പ്രവൃത്തിക്ക് ഏത് മരം ഉപയോഗിക്കണമെന്ന് എസ്റ്റിമേറ്റിൽ വ്യക്തമാക്കാത്തതിനാൽ പ്രാദേശികമായി ലഭ്യമാകുന്നതും ഇത്തരം പ്രവൃത്തികൾക്ക് ഉചിതമായതുമായ പുളിമരമാണ് ഉപയോഗിച്ചത് എന്ന് മനസ്സിലാകുന്നു. ഇത്തരം ചെറിയ തടയണകൾക്കും പുളിമരമാണ് സാധാരണ ഉപയോഗിയ്ക്കുന്നത്. പുളിമരം തന്നെയാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ മെഷർമെൻറ് നടത്തി അംഗീകരിച്ചതെന്നും കാണാൻ കഴിയും. മാത്രമല്ല, ഈ പ്രവൃത്തി ഇപ്പോഴും നല്ലനിലയിൽ നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. എന്നിരുന്നാലും, മാർക്കറ്റിൽ ലഭ്യമല്ലാത്ത ഒരു സംഗതിയിന്മേൽ ഒരു പ്രവൃത്തി ആരംഭിയ്ക്കാതെ ഭരണാനുമതിയിലും സാങ്കേതികാനുമതിയിലും എസ്റ്റിമേറ്റിലും ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ തുനിയാതിരുന്നത് മുൻ അസിസ്റ്റന്റ് എൻജിനിയർ ശ്രീ. സി.വി. ചന്ദ്രന്റെ ഭാഗത്ത് നിന്നുള്ള മനഃപൂർവമല്ലാത്ത ഒരു വീഴ്ചയാണെന്ന് ഹിയറിങ്ങിൽ ബോധ്യപ്പെടുകയുണ്ടായി. പിൻകോഡ മരത്തിന്റെയും പുളിമരത്തിന്റെയും മാർക്കറ്റ് റേറ്റിൽ വ്യത്യാസമുണ്ട്. പിൻകോഡ, വേങ്ങ എന്നീ മരങ്ങളെ അപേക്ഷിച്ച് മാർക്കറ്റിൽ സുലഭമായി ലഭിയ്ക്കുന്ന പുളിമരത്തിന് റേറ്റ് കുറവാണ്. ആ നിലയ്ക്ക് പിൻകോഡ മരത്തിന് പകരം പുളിമരം ഉപയോഗിച്ചതിലൂടെ രണ്ട് മരത്തിന്റെയും അന്നത്തെ മാർക്കറ്റ് റേറ്റ് വച്ച് നോക്കുമ്പോൾ 1,03,011/- രൂപ അധികമായി കോൺട്രാക്ടർക്ക് അനുവദിച്ചതുവഴി സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായതിനാൽ ഈ തുക തുല്യമായി കുറ്റാരോപിതനായ അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീ. സി.വി. ചന്ദ്രൻ, കോൺട്രാക്ടർ ശ്രീ. ബെന്നി എം. ജോസഫ് എന്നിവരിൽ നിന്നും തിരിച്ച് പിടിയ്ക്കേണ്ടതുണ്ട് എന്ന് ശിപാർശ

ചെയ്യുകയുണ്ടായി.

10. മേൽ ശിപാർശ താൽക്കാലികമായി അംഗീകരിക്കുകയും ആയതിന്മേൽ Kerala Public Service Commission-ന്റെ ഉപദേശം ആരാഞ്ഞതിൽ Kerala Public Service Commission ആയതിനോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

11. മേൽ സാഹചര്യത്തിൽ,കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ വാർഡ് 3-ൽ ഉൾപ്പെട്ട കോളേക്കര തോടിന്റെ അറ്റകുറ്റപ്പണിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ട. അസിസ്റ്റന്റ് എൻജിനിയർ ശ്രീ. സി.വി. ചന്ദ്രനെതിരെ (PEN-691159) കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം III, ചട്ടം 3(a) പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടി, ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്നും 500/- രൂപ (അഞ്ഞൂറ് രൂപ) വീതം ആറ് മാസത്തേയ്ക്ക് തടഞ്ഞുകൊണ്ടും സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 1,03,011/- രൂപയുടെ (ഒരു ലക്ഷത്തി മൂവായിരത്തി പതിനൊന്ന് രൂപ) പകുതി ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്നും മറുപകുതി കോൺട്രാക്ടർ ശ്രീ. ബെന്നി എം. ജോസഫിൽ നിന്നും ഈടാക്കിക്കൊണ്ടും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. സി.വി. ചന്ദ്രൻ (PEN-691159), റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ, പയ്യന്നൂർ നഗരസഭ, കണ്ണൂർ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. സെക്രട്ടറി, കേരള പബ്ളിക് സർവീസ് കമ്മീഷൻ (with C/L)
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്
6. വിജിലൻസ് (ഡി) വകുപ്പ് (09.12.2024-ലെ VIG-F1/235/2024-VIG പ്രകാരം)
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EW2/114/2019-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 15-07-2025 14:53:14
സെക്ഷൻ ഓഫീസർ